TB Movie Panel Weekly Review

**#moviepanel**

Cold Case

Written By : Arjun Anand

മലയാളസിനിമയിൽ ഇപ്പോൾ ത്രില്ലറുകളുടെ കാലം ആണ്....മിസ്റ്ററി ത്രില്ലറുകളോട് പ്രേക്ഷകർക്ക് എന്നും പ്രിയമാണ്... നിഗൂഢതകളുടെ കുരുക്കുകളുമായി എത്തുന്ന അത്തരം ചിത്രങ്ങൾ പ്രേക്ഷകനെയും ഒരു അന്വേഷകൻ ആക്കി മാറ്റുന്നു...സിനിമയിലെ രഹസ്യങ്ങളുടെ ചുരുൾ അഴിക്കുവാൻ പ്രേക്ഷകനും കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കും.. എല്ലാം സാധ്യതകളും ഹരിച്ചും ഗുണിച്ചും നോക്കിയിട്ടും അവന്റെ കണ്ടെത്തലുകൾക്കും അതീതമായി, അതിൽ നിന്നൊക്കെ വ്യത്യസ്തമായി, അവനെ ആവേശം കൊള്ളിച്ചുകൊണ്ട്, അതിശയിപ്പിച്ചുകൊണ്ട് ചിത്രം പരിസമാപിക്കുമ്പോഴാണ് ഒരു ഇൻവെസ്റ്റിഗേറ്റീവ് ത്രില്ലർ പരിപൂർണമായും വിജയിക്കുന്നത്..

മലയാളത്തിൽ ഏറ്റവും പുതിയതായി പുറത്തിറക്കിയിരിക്കുന്ന മിസ്റ്ററി - ത്രില്ലർ ഗണത്തിൽ പെടുത്താവുന്ന ഒരു അന്വേഷണാത്മക ചിത്രം ആണ് കോൾഡ് കേസ്... പുതുമുഖം തനു ബാലാക് സംവിധാനം ചെയ്തു പ്രിഥ്വിരാജ് ഉം അതിഥി ബാലനും പ്രധാന കഥാപാത്രങ്ങളായി എത്തുന്ന ഈ ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് ശ്രീനാഥ് വി നാഥ് ആണ്... ജൂലൈ 30 ന് ആമസോൺ പ്രൈമിലൂടെ ആണ് ചിത്രം റിലീസ് ആയിരിക്കുന്നത്...

മന്ത്രിയുടെ റിസോർട്ടിനടുത്തുള്ള ജലാശയത്തിൽ നിന്നും വികൃതമാക്കപ്പെട്ട ഒരു തലയോട്ടി ലഭിക്കുന്നിടത്താണ് ചിത്രം ആരംഭിക്കുന്നത്... മന്ത്രിക്ക് സ്വാധീനം ഉള്ള സ്ഥലത്തു തന്നെ ഇത്തരം ഒരു അനിഷ്ടസംഭവം നടന്നതുകൊണ്ട് കേസ് അന്വേഷിക്കാൻ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ മന്ത്രി ഉത്തരവിടുകയും, എസിപി സത്യജിത്തിന്റെ നേതൃത്വത്തിൽ ഉള്ള സംഘം അന്വേഷണം ആരംഭിക്കുകയും ചെയ്യുന്നു...ഇതേ സമയം മാധ്യമ പ്രവർത്തകയായ മേധ മകളും വീട്ടുജോലിക്ക് വരുന്ന സ്ത്രീയുമായി പുതിയ ഒരു വീട്ടിലേയ്ക്ക് താമസത്തിനെത്തുന്നു.. പക്ഷെ ഏറെ താമസിക്കാതെ തന്നെ ആ പുതിയ വീട്ടിൽ ഒരു അമാനുഷിക ശക്തിയുടെ സാമീപ്യം മേധയ്ക്ക് അനുഭവപ്പെടുന്നു.. തുടർന്ന് മേധ അതിന്റെ പിന്നിലെ രഹസ്യങ്ങൾ തേടി പുറപ്പെടുന്നു... എസിപി സത്യജിത്തിന്റെയും മേധയുടെയും അന്വേഷണ വഴികൾ കൂട്ടി മുട്ടുമോ? കായലിൽ നിന്നു കിട്ടിയ തലയോട്ടിയും മേധയുടെ വീട്ടിലെ അനിഷ്ടസംഭവങ്ങളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? എന്നിങ്ങനെ ഉള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം ചിത്രം കണ്ടു

തന്നെ അറിയുക..

എ സി പി സത്യജിത് ആയി എത്തുന്നത് പ്രിഥ്വിരാജ് ആണ്.. പൃഥ്വിരാജിനെ പോലെ ഒരു നടന് വെല്ലുവിളി ആകുന്ന തരത്തിലുള്ള ഒരു കഥാപാത്ര സൃഷ്ടി ഒന്നും അല്ലെങ്കിലും പ്രിഥ്വിരാജ് എന്ന താരത്തിന്റെ വ്യക്തി പ്രഭാവവും താരമൂല്യവും എ സി പി സത്യജിത് എന്ന കഥാപാത്രത്തിന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.. ചുരുക്കം ചില ഇടങ്ങളിലെ സംഭാഷങ്ങളിലെ നാടകീയത ഒഴിച്ചാൽ എസിപി സത്യജിത് പ്രിഥ്വിരാജിൽ ഭദ്രമാണ്.. മാധ്യമ പ്രവർത്തകയായ മേധ ആയെത്തുന്നത് അതിഥി ബാലൻ ആണ് ...തരക്കേടില്ലാത്ത പ്രകടനം ആണ് കാഴ്ചവയ്ക്കുന്നതെങ്കിലും ശരീരഭാഷയോടും ചുണ്ടിന്റെ ചലനങ്ങളോടും ചേരാത്ത വിധമുള്ള ഡബ്ബിങ് ചില ഇടങ്ങളിൽ എങ്കിലും അലോസരമുണ്ടാക്കുന്നുണ്ട്.. പരിചയ സമ്പന്നർ ആയ നടീ നടന്മാരോടൊപ്പം നിരവധി പുതുമുഖങ്ങളും ചിത്രത്തിൽ അണി നിരക്കുന്നുണ്ട്.. ചിലരുടെ എങ്കിലും മോശം പ്രകടനം ചിത്രത്തിനെ സാരമായി ബാധിക്കുന്നുണ്ട്..

ശ്രീനാഥ് നാഥിന്റെ ദുർബലമായ തിരക്കഥ പലപ്പോഴും ലൂപ്പ് ഹോൾസ് അടയ്ക്കുന്നതിലും ചിത്രത്തിലെ രണ്ടു സമാന്തര പാതയിൽ ഉള്ള കഥ പറച്ചിലുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിലും പരാജയപ്പെടുന്നുണ്ട്.. മലയാള സിനിമയിലെ പോലീസും അന്വേഷണവും ഒരുപാട് വളർന്ന ഈ കാലത്ത് പതിറ്റാണ്ടുകൾക്ക് മുൻപുള്ള രീതി പിന്തുടരുന്നത് കല്ല് കടി ആവുന്നുണ്ട്.. ആകാംക്ഷ നില നിർത്തിക്കൊണ്ട് പോകുന്നതിൽ ഒരു ഘട്ടത്തിൽ തിരക്കഥാകൃത്ത് പരാജയപ്പെടുന്നുണ്ട്.. ചിത്രം പുലർത്തിയ സാങ്കേതിക നിലവാരം ഇതിലും മികച്ച ഒരു തിരക്കഥ അർഹിച്ചിരുന്നു..

ഗിരീഷ് ഗംഗാധരൻ ആണ് ഛായാഗ്രഹണം...ചിത്രത്തിലെ രണ്ട് സമാന്തര ട്രാക്കുകൾക്കും വ്യത്യസ്തമായ ദൃശ്യപരിചരണം നൽകുവാൻ ഗിരീഷിനും സംവിധായകൻ തനുവിനും സാധിച്ചിട്ടുണ്ട്... ചിത്രത്തിലെ ഗാനങ്ങൾ ഒന്നും തന്നെയും ആസ്വാദ്യകരമായ അനുഭവപ്പെട്ടില്ല... പശ്ചാത്തല സംഗീതവും ഹൊറർ രംഗങ്ങളിൽ ചിലതും മികച്ചു നിന്നപ്പോൾ സമീപകാലത്തു മലയാള സിനിമയിൽ ആവർത്തിച്ചു വരുന്ന, കുട്ടികളെ ഉപയോഗിച്ചുള്ള പശ്ചാത്തല സംഗീതം ഒരു ക്ളീഷേ ആയി അനുഭവപ്പെടുന്നുണ്ട്..

തുടക്കത്തിൽ സൂചിപ്പിച്ചത് പോലെ ആദ്യാവസാനം മിസ്റ്ററി നിലനിർത്തികൊണ്ടുപോകുന്ന മർഡർ ഇൻവെസ്റ്റിഗേഷൻ സിനിമകൾ കൂടുതൽ ജനപ്രിയമാകുന്നത് ക്ലൈമാക്സ് വരെയും പ്രേക്ഷകരെ ഉദ്വെഗഭരിതരായി നിർത്തുന്ന അപ്രവചനീയതയും പഴുതുകളടച്ചുള്ള കണ്ടെത്തലുകളും പടിപടിയായി ആ നിഗൂഢതകളുടെ കെട്ടഴിച്ചു ഒടുവിൽ കൊലയാളിയെയും കൊലപാതക രീതിയെയും വെളിച്ചത്ത് കൊണ്ട് വരുമ്പോൾ പ്രേക്ഷനിൽ ഉണ്ടാക്കാൻ കഴിയുന്ന ഒരു ആവേശവും

ആണ്... അന്വേഷണത്തിൽ ഭാഗ്യത്തിന്റെ സഹായം നിർലോഭം ലഭിക്കുന്നതും കണ്ടെത്തലുകളിൽ ഒരു അവിശ്വസനീയത നിഴലിക്കുന്നതും ആസ്വാദനത്തിന് കല്ലുകടി ആകും... അങ്ങനെ നോക്കുമ്പോൾ ഒരു തവണ കണ്ട് നോക്കാവുന്ന, ശരാശരി അനുഭവം മാത്രം നൽകുന്ന ചിത്രം ആണ് "കോൾഡ് കേസ് ".